**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4413** | **21.03.2018-ൽ മറുപടിക്ക്** |
|---|---|

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി മികവുറ്റതാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>,, സി.കെ. നാണു<br>,, കോവൂർ കുഞ്ഞുമോൻ<br>,, കെ.ബി. ഗണേഷ് കുമാർ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി 49 സർക്കാർ സ്കൂളുകളിൽക്കൂടി എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ചു നൽകുകയുണ്ടായി. സംസ്ഥാനത്ത് നിലവിൽ 574 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.പി.സി. പദ്ധതി പ്രവർത്തനങ്ങൾക്കായി 2016-2017 സാമ്പത്തിക വർഷം പത്ത് കോടി എഴുപത് ലക്ഷം രൂപയും, 2017-2018 സാമ്പത്തിക വർഷം ഒൻപത് കോടി രൂപയും അനുവദിച്ചു നൽകുകയുണ്ടായി (ഇതിൽ 8 കോടി രൂപ പദ്ധതി നിർവ്വഹണത്തിനും 1 കോടി രൂപ പദ്ധതിയുടെ ഡയറക്ടറേറ്റ് നിർമ്മാണത്തിനും). കൂടാതെ 1 കോടി രൂപ മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | കേഡറ്റുകൾക്ക് പരിശീലനം ലഭ്യമാക്കുവാനും പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേക്കും ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലകളിലേക്കും വ്യാപിപ്പിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (ബി) | 100 സർക്കാർ സ്കൂളുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയിൽ സഹകരിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | എസ്.പി.സി. പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം 75% അറ്റൻഡൻസോടുകൂടി കാര്യക്ഷമമായി പൂർത്തിയാക്കുന്ന എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകി വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്നും എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഡയറക്ടറേറ്റിന്റെ കെട്ടിട നിർമ്മാണത്തിനായി സ്റ്റേറ്റ് പ്ലാൻ സ്കീം 2016-17-ൽ 28,25,220/- രൂപയും, 2017-18-ൽ 1,00,00,000/- രൂപയും (ആകെ ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി ഇരുന്നൂറ്റി ഇരുപത് രൂപ) അനുവദിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ